# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.8/1596/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 25/01/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.8/1596/2022 തീയ്യതി: 25/01/2023

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2022 | 12-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 12-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എസ്.ഹാരിസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. രാജ്കുമാർ.ജി | സെക്രട്ടറി | 01-04-2021 | 04-07-2021 |
| ശ്രീ.രാജേന്ദ്രൻ.ജി | സെക്രട്ടറി | 05-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദുൾ ലത്തീഫ് | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | 01-04-2021 | 05-12-2021 |
| ശ്രീമതി.നദീറ.എ | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 06-12-2021 | 31-03-2022 |
| ശ്രീ. അജയഘോഷ്. വി.എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കഞ്ഞിപ്പാടം സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ. സാംസൺ എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നീർക്കുന്നംസർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ. ഷാരോൺ സുധാകരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.വിനിത. പി.എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുജ ജയപാൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സൂര്യ പി.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ബിജു.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയന്തി ഗോപാലകൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. മനു കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2021 | 21-10-2021 |
| ശ്രീമതി. ദേവിക നാഥ്. സി.എച്ച് | കൃഷി ഓഫീസർ | 21-10-2021 | 31-03-2022 |
| ശ്രീമതി. സലീല | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ. വിവേക്. എസ് | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | പി.എച്ച്.സി, | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റിന്റെ അവലോകനം | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം (എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-2400/-രൂപയുടെ നഷ്ടം | 1-10 |
| 13 | ഓഡിറ്റ് ഇംപാക്റ്റ്,മോട്ടോർ റണ്ണിംഗ് ഫീ ഇനത്തിൽ കുറവ് ഈടാക്കിയ 500/- അടച്ചു | 1-11 |
| 14 | ഓഡിറ്റ് ഇംപാക്റ്റ്-ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ ഫാർമസിസ്റ്റിന് വേതനം നൽകൽ -അധികം കൈപ്പറ്റിയ തുക തിരികെ അടവാക്കി | 1-12 |
| 15 | ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധന - അപാകതകൾ | 1-13 |
| 16 | സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയിൽ ആളെ നിയമിച്ച് ശമ്പളം കൊടുക്കുന്നു | 1-14 |
| 17 | വെള്ളക്കരം- ഉപയോഗിക്കാത്ത പൊതുടാപ്പുകൾ കട്ട് ചെയ്യുന്നില്ല- | 1-15 |
| 18 | ഖരമാലിന്യ സംസ്കരണം- സംബന്ധിച്ച് | 1-16 |
| 19 | സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് | 1-17 |
| 20 | സുഭിക്ഷ കേരളം പശു വിതരണം (വനിത) - സർക്കാർ മാനദണ്ഡം പാലിക്കാതെ തുക നല്കി | 1-18 |
| 21 | കുരുമുളക് കൃഷി വ്യാപനം -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർ ആനുകൂല്യം കൈപ്പറ്റി | 1-19 |
| 22 | പത്ര പരസ്യം ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. | 1-20 |
| 23 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-21 |

| | | |
|---|---|---|
| 24 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ | 1-22 |
| 25 | ഹോമിയോ ആശുപത്രി-മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-23 |
| 26 | മത്സ്യത്തൊഴിലാളി വിദ്യർത്ഥികൾക്ക് ലാപ്പ്ടോപ്പ് -അർഹതാ രേഖ ലഭ്യമല്ല | 1-24 |
| 27 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - അപാകതകൾ | 1-25 |
| 28 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച | 1-26 |
| 29 | വി.ഇ.ഒ. നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പ്രോജക്ടുകൾ - പണി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 30 | ചെലവഴിയ്ക്കാതെ തുക അക്കൌണ്ടിൽ നിലനില്ക്കുന്നു | 1-28 |
| 31 | പാടശേഖര സമിതിക്ക് പെട്ടിയും പറയും നൽകൽ -അപാകതകൾ | 1-29 |
| 32 | ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതി-അപാകതകൾ | 1-30 |
| 33 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 40mm മെറ്റലിന് അധികം തുക നൽകി | 1-31 |
| 34 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ | 1-32 |
| 35 | ഗ്രാമസഭ - അവലോകനം | 1-33 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനുസൃതമായി തുക ഈടാക്കിയില്ല-2400/-രൂപയുടെ നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | സുഭിക്ഷ കേരളം പശു വിതരണം (വനിത) - സർക്കാർ മാന ദണ്ഡം പാലിക്കാതെ തുക നല്കി- 30,000/-രൂപ നിരാകരിക്കുന്നു | 3-1 |
| 2 | ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതി-അപാകതകൾ | 3-2 |
| 3 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 40mm മെറ്റലിന് അധികം തുക നൽകി | 3-3 |
| 4 | സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് 15.2.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 2.3.2022ലെ പതിമൂന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 24086900 | 243862000 |
| വാർഷിക കണക്ക് പ്രകാരം | 186486874 | 187296454 |

### 1-1-1 ബജറ്റിന്റെ അവലോകനം

2021-22വർഷത്തെ ബജറ്റ് 15.2.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 2.3.2022ലെ പതിമൂന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

2.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർത്ഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2101001 | സാലറീസ് | 115,00,000/- | 125,00,000/- | 13550023 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2103001 | പെൻഷൻ കോൺട്രിബ്യൂഷൻ | 10,00,000 | 10,00,000 | 1087897 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2105001 | എമ്പ്ലോയേഴ്സ് പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 00 | 00 | 107834 | വകയിരുത്ത ലില്ലാതെ ചെലവ് ചെയ്തു. |
| 4 | 220110 | ഓഫീസ് ചെലവുകൾ | 170000 | 170000 | 189491 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2202101 | പ്രിന്റിംഗ് & സ്റ്റേഷണറി | 275000 | 275000 | 348166 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2205201 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 15000 | 15000 | 15950 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 7 | 2207101 | അസാധാരണ ചെലവുകൾ | 80000 | 100000 | 112983 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 8 | 2301002 | ഡീസൽ, പെട്രോൾ, ഓയിൽ | 175000 | 175000 | 183720 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 9 | 2304001 | വെഹിക്കിൾ ഹയർ ചാർജ്ജ് | 40000 | 60000 | 60100 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 10 | 2502001 | സോയിൽ & വാട്ടർ കൺസർവേഷൻ | 1500000 | 600000 | 788665 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചെലവ് |
| 11 | 2521001 | എനർജി തെരുവ് വിളക്ക് വൈദ്യുതീകരണം | 700000 | 700000 | 1077363 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 12 | 2523001 | പൊതുകെട്ടിടങ്ങൾ | 00 | 00 | 29721 | വകയിരുത്തലില്ലാതെ ചെലവ് ചെയ്തു. |
| 13 | 2531009 | പഞ്ചായത്തുകളുടെ കമ്പ്യൂട്ടർ വത്ക്കരണം | 00 | 00 | 67142 | വകയിരുത്ത ലില്ലാതെ ചെലവ് ചെയ്തു. |
| 14 | 2531014 | കുടിവെള്ളത്തിനുള്ള പണം നൽകൽ | 00 | 2400000 | 3110695 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/8.12.2022) ലഭ്യമാക്കിയ മറുപടിയിൽ ബജറ്റിന്റെ പ്രതിമാസ/വാർഷിക അവലോകനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ നടത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും ബജറ്റ് പരിശോധന നടത്തുന്നതിന് പെർഫോമൻസ് ടീമിനോടാവശ്യപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ബജറ്റ് പാസ്സാക്കുന്ന ഹെഡ്ഡുകളിൽ തന്നെ ചലവ് നടത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 09.05.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക - പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.
1.വാർഷിക കണക്കിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ പ്രകാരമുള്ളതുമായി താഴെപ്പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| സഞ്ചയ പ്രകാരം | 5433785 | 4618416 |
| വാർഷിക കണക്ക് പ്രകാരം | 5487455 | 4617352 |

ടി വിവരം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ (നം. 04/2021-22/07.12.2022) അറിയിച്ചതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ, വാർഷിക കണക്കുകൾ എന്നിവ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ തുകകളിൽ മാത്രം വ്യത്യാസം വരുകയും ബാലൻസ് തുകകൾ യോജിക്കുകയും ചെയ്യുന്നു. വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ സഞ്ചയയിലെ ബാലൻസ് തുകയോട് തൻവർഷത്തെ കളക്ഷൻ തുക കൂട്ടി ഡിമാന്റ് തുക ഇൻകം & എക്സ്പെൻഡിച്ചറിൽ ഉൾപ്പെടുത്തുന്നത്. യഥാർത്ഥ ഡിമാന്റും കളക്ഷനും വാർഷിക കണക്കിൽ ഉൽപ്പെടുത്തുന്നില്ല.
2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉറവിടത്തിൽ കുറവ് വരുത്തുന്ന തുക ഉൾപ്പെടാത്തതിനാൽ വികസന ഫണ്ട് (ജനറൽ) (വരവ് തുക 2,40,63,661/- രൂപയും ചെലവ് തുക 2,665,36,784/- രൂപയുമാണ്), വരവിനേക്കാളും ചെലവ് കൂടുതലായി കാണുന്നു.
3. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2019-20 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.
സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാകുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22645655 |
| വരവ് | 97225427 |

| | |
|---|---|
| ആകെ | 119871082 |
| ചെലവ് | 93277081 |
| നീക്കിയിരിപ്പ് | 26594001 |
| വരവിനങ്ങളിലം നഷ്ടം | 2400 |
| ചെലവിനങ്ങളിലെ നഷ്ടം | 176186 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2699659 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ഉറവിട ത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24063661 | 3932339 | 27996000 | 26536784 | 1459216 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2946954 | 80927 | 3027881 | 2784000 | 243881 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 16700 | 00 | 16700 | 00 | 16700 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7544000 | 00 | 7544000 | 3513713 | 4030287 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7094623 | 00 | 7094623 | 4122542 | 2972081 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 | 12347293 | 00 | 12347293 | 7136524 | 4012151 (Bank) 1198618 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 0 | 6246698 | 00 | 6346344 (പലിശ ഉൾപ്പെടെ) | 5703046 | 488652 (Bank) 154646 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം (എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 142384185 | 138 | 73143367 | 5 | 19 | 88 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6556 | 1129377 | 1135933 | 1135933 | 00 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 00 | 38451183 | 38451183 | 38451183 | 00 |
| ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | 00 | 8207825 | 8207825 | 8207825 | 00 |
| ആകെ | 6556 | 47788385 | 47794941 | 47794941 | 00 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 272400 | 147 |
| കർഷകതൊഴിലാളി പെൻഷൻ | 11508500 | 760 |

| | | |
|---|---|---|
| വിധവാപെൻഷൻ | 15187300 | 1070 |
| വാർദ്ധക്യകാലപെൻഷൻ | 24827400 | 1893 |
| വികലാംഗപെൻഷൻ | 6096100 | 409 |
| അവിവാഹിത പെൻഷൻ | 404800 | 24 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.2022 തീയതിയിൽ 03:10 P.M സമയത്ത് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6162/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പഞ്ചായത്ത് കമ്മറ്റി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2.ടോട്ടൽ സാനിട്ടേഷൻ SBI ലെ അക്കൗണ്ട് പ്രവർത്തന രഹിതമാണെന്ന് ബാങ്ക് അറിയിച്ചിട്ടും ആയത് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.
3. പ്രവർത്തന ക്ഷമമല്ലാത്ത പൊതുടാപ്പുകൾ കട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും സംയുക്തപരിശോധന യഥാസമയം നടക്കാത്തതിനാൽ ഉപയോഗശൂന്യമായ ടാപ്പുകൾ കട്ട് ചെയ്യുവാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.
4. സ്പെസിഫിക്കേഷൻ തിരഞ്ഞെടുക്കുന്നതിലെ പിശകു മൂലം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അധികചെലവിനിടയാക്കുന്നു.

## 1-10 തൊഴിൽ നികുതി - അർദ്ധവർഷവരുമാനത്തിനനസൃതമായി തുക ഈടാക്കിയില്ല- 2400/-രൂപയുടെ നഷ്ടം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനയുടമ സമർപ്പിച്ച അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം /അർദ്ധവർഷം | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ഗവ. റ്റി ഡി മെഡിക്കൽ കോളേജ് (KSACS Staff) ഒന്നാം അർദ്ധവർഷം | ദിവ്യ ജോർജ്ജ്, ലാബ് ടെക്നീഷ്യൻ | 78000 | 750 | 600 | 150 |
| 2 | എച്ച് എൽ എൽ ലൈഫ് കെയർ ലിമിറ്റഡ് ഒന്നാം അർദ്ധവർഷം | രാജി മോൾ ഏ ഡി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് | 502125 | 1250 | 750 | 500 |
| 3 | “ | സാറാ മോൾ പി സ്റ്റാഫ് നഴ്സ് | 502125 | 1250 | 750 | 500 |
| 4 | “ | ഫിലോമിന കെ വൈ സ്റ്റാഫ് നഴ്സ് | 490862 | 1250 | 750 | 500 |
| 5 | ഇ വി എം ലൈറ്റ് കോമേഴ്സ്യൽ മോട്ടോഴ്സ് , | ദിവ്യ എൽ പാർട്സ് ഇൻ ചാർജ്ജ് | 65625 | 600 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | അമ്പലപ്പുഴ രണ്ടാം അർദ്ധവർഷം | | | | | |
| 6 | “ | അനൂപ എ ടെക്നീഷ്യൻ | 83837 | 750 | 600 | 150 |
| 7 | “ | അൻഷാദ് , സെയിൽസ് എക്സിക്യൂട്ടീവ് | 81441 | 750 | 600 | 150 |
| 8 | “ | കണ്ണൻ ആർ, സെയിൽസ് എക്സിക്യൂട്ടീവ് | 77954 | 750 | 600 | 150 |
| 9 | “ | പ്രജിത്ത് ലാൽ അക്കൌണ്ടന്റ് | 64133 | 600 | 450 | 150 |
| ആകെ | | | | | | 2400 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/12.12.2011) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, കുറവ് വന്ന തുക(2400/-രൂപ) തിരികെ ഈടാക്കി സാക്ഷ്യപ്പെടുത്തിയ രസീത് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 ഓഡിറ്റ് ഇംപാക്റ്റ്,മോട്ടോർ റണ്ണിംഗ് ഫീ ഇനത്തിൽ കുറവ് ഈടാക്കിയ 500/- അടച്ചു

മോട്ടോർ റണ്ണിംഗ് ഫീ ഇനത്തിൽ ഷെജിന, ഐസ് പ്ളാന്റ്, 16/354/A നിന്ന് ഈടാക്കിയ തുകയിൽ കുറവ് വന്നിട്ടുണ്ട് (500/-രൂപ) എന്ന് ഓഡിറ്റ് എൻക്വയറി (നം. 14/12.12.2022) മുഖേന അറിയിച്ചതിനെ തുടർന്ന് തുക രസീത് നം. 1220104095/13.12.2022 പ്രകാരം അടവാക്കി പകർപ്പ് ഓഡിറ്റിൽ ഹാജരാക്കി.

## 1-12 ഓഡിറ്റ് ഇംപാക്റ്റ്-ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ ഫാർമസിസ്റ്റിന് വേതനം നൽകൽ -അധികം കൈപ്പറ്റിയ തുക തിരികെ അടവാക്കി

പ്രോജക്റ്റ് നമ്പർ 73/22

അടങ്കൽ- 260000- തനത് ഫണ്ട്.

ചെലവ്- 230530/-, നിർവ്വഹണം - മെഡിക്കൽ ഓഫീസർ ഹോമിയോ

ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ ഫാർമസിസ്റ്റിന് വേതനം നൽകൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ - ടി സ്ഥാപനത്തിലെ ഫാർമസിസ്റ്റായിരുന്ന ശ്രീമതി നാസില.എൻ ഭാരതീയ ചികിത്സാ വകുപ്പിൽ സ്ഥിരനിയമനം ലഭിച്ചതിനാൽ 24.2.22ൽ റിലീവ് ചെയ്തതിനെതുടർന്ന് 25.3.22 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 8-1 പ്രകാരം ശ്രീമതി കീർത്തിദാസ് കുറുപ്പ്, പാഴൂക്കളം, ചുർത്ത്യാകരി എന്നയാളെ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് നിയമിച്ചു. ആയുഷ് ഫാർമസിയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടുള്ള ടിയാളുടെ അറ്റൻൻസ് രജിസ്റ്റർ പ്രകാരം 2022 മാർച്ച് മാസത്തിൽ 26.3.22മുതൽ31.3.22വരെ 6 ദിവസം ജോലിചെയ്തിട്ടുണ്ട്. ആയതിന് പ്രതിദിനം 780/- രൂപ നിരക്കിൽ 4680/-രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ 7x780 എന്ന് കണക്കാക്കി 5460/- രൂപ ചെക്ക് നമ്പർ 655965/31.3.22 പ്രകാരം അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/9.12.22),അധികം കൈപ്പറ്റിയ 780/-രൂപ 13.12.22 തീയതിയിൽ 1220104077/G040503 നം.രശീതി മുഖേന പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

## 1-13 ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധന - അപാകതകൾ

1. 2011-12 മുതൽ 2020-21 വരെയുള്ള കാലയളവിൽ നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, കേരളാ വാട്ടർ അതോറിറ്റി എന്നിവയ്ക്ക് നല്കിയ തുകകൾ നാളിതുവരെ ക്രമപ്പെടുത്തിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ ഏജൻസി | കാലയളവ് | തുക |
|---|---|---|
| കെ.എസ്.ഇ.ബി | 2014-15 മുതൽ 2018-19 വരെ | 902227 |
| കേരളാ വാട്ടർ അതോറിറ്റി | 2011-12 മുതൽ 2020-21 വരെ | 2355845 |

2. കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതമിനത്തിൽ 2016-17 വർഷം അടച്ച തുകയായ 13100/- രൂപ, വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതമിനത്തിൽ 2020-21 വർഷം അടച്ച തുകയിൽ 1328/- രൂപ എന്നിങ്ങനെ ആകെ 14488/- രൂപ വിനിയോഗിക്കാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ അവശേഷിക്കുന്നു.
മേൽ വിവരം പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/07.12.2022), 2011-12 മുതൽ 2020-21 വരെ കേരള വാട്ടർ അതോറിറ്റിയ്ക്കും 2014-15 മുതൽ 2018-19 വരെ കെ.എസ്.ഇ.ബി. യ്ക്കും തുക നല്കിയത് പ്രകാരം പല പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണെന്നും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല എന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭിച്ച തുകയിൽ വിനിയോഗിക്കാതെ ബാക്കി നില്ക്കുന്ന 14488/-രൂപ പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതിന് നടപടി

സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയിൽ സൂചിപ്പിച്ചിരിക്കും പ്രകാരം തുകയുടെ വിനിയോഗ വിവരം/ചെലവ് വിവരം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-14 സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയിൽ ആളെ നിയമിച്ച് ശമ്പളം കൊടുക്കുന്നു

പഞ്ചായത്തിൽ സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയായ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ശ്രീമതി. പ്രീജി.എസ് എന്നയാളെ നിയമിച്ച് ശമ്പളം കൊടുത്ത് വരുന്നു. ജി.ഒ(പി)81/2019/ധന./09നം. ഉത്തരവ് പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസവേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിയ്ക്ക് പുറത്ത് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 5 വർഷത്തിന് മുകളിൽ ടിയാരി ജോലി ചെയ്ത് വരുന്നുണ്ട്. ആയതിനാൽ ടിയാരിയുടെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/07.12.2022) ലഭ്യമാക്കിയ മറുപടിയിൽ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് പരിധിയിൽ മെഡിക്കൽ കോളേജ് നിലനില്ക്കുന്നതിനാലുള്ള അധിക ജോലി ഭാരവും, ഉദ്യോഗസ്ഥർക്ക് അവ ചെയ്ത് തീർക്കാൻ സാധിക്കുന്നില്ലായെന്നും, സർക്കാർ പഞ്ചായത്തിലേയ്ക്ക് തസ്തിക അനുവദിച്ചു തരുന്നില്ല എന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്. നിയമനം സാധൂകരിക്കാൻ ആവശ്യമായ സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വെള്ളക്കരം- ഉപയോഗിക്കാത്ത പൊതുടാപ്പുകൾ കട്ട് ചെയ്യുന്നില്ല-

2022 ഫെബ്രുവരി മാസത്തെ വാട്ടർ അതോറിട്ടിയുടെ വെള്ളക്കരം ഡിമാന്റ് നോട്ടീസ് പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ എണ്ണം 721 ആണ്. ഇത് പ്രകാരം ഒരു ടാപ്പിന് പ്രതിവർഷം 5512.99രൂപ നിരക്കിൽ വാട്ടർ ചാർജ്ജ് ഗ്രാമ പഞ്ചായത്ത് ഒടുക്ക് വരുത്തുന്നുണ്ട്.

ഉപയോഗശൂന്യമായ പൊതുടാപ്പുകൾ കണ്ടെത്തി കട്ട് ചെയ്യേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ കാട്ടുങ്കൽ വീട്ടിൽ ഹരിദാസ് എന്നയാളുടെ വസ്തുവിനകത്ത് സ്ഥിതിചെയ്യുന്ന പൊതുടാപ്പിൽ നിന്ന് നിലവിൽ ആരും തന്നെ വെള്ളമെടുക്കാത്തതിനാൽ കട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് കമ്മറ്റിയോട് അപേക്ഷിച്ചിട്ടുള്ളത് പരിഗണിച്ച് 23.7.21 ലെ 5-1നമ്പർ തീരുമാന പ്രകാരം പ്രസ്തുത ടാപ്പ് കട്ട് ചെയ്യുന്നതിനും 5-2 നമ്പർ തീരുമാന പ്രകാരം സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിട്ടിയോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ ചാർജ്ജ് ഡിമാന്റ് നോട്ടീസ് പ്രകാരം 4/2021ൽ ഉണ്ടായിരുന്ന ടാപ്പുകളുടെ എണ്ണം തന്നെയാണ് 2/2022ലും നിലനിൽക്കുന്നത്. സംയുക്ത പരിശോധന നടത്തുകയോ ഉപയോഗ ശൂന്യമായ ടാപ്പുകൾ കണ്ടെത്തി വാട്ടർ അതോറിട്ടിയെ അറിയിച്ച് കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റെടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8/9.12.22) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വിഷയം പലതവണ വാട്ടർ അതോറിട്ടിയിൽ അറിയിച്ച് സംയുക്ത പരിശോധനയ്ക്ക് ശ്രമിച്ചെങ്കിലും വാട്ടർ അതോറിട്ടി അനുയോജ്യമായ തിയതി അറിയിച്ചിട്ടില്ലെന്നാണ് ആയത് ലഭ്യമാകുന്ന മുറയ്ക്ക് സംയുക്ത പരിശോധന നടത്തുന്നതാണെന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്. ഉപയോഗശൂന്യമായ ടാപ്പുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. ജനറൽ കമ്മറ്റി മിനിട്സ് പരിശോധിച്ചതിൽ സംയുക്തപരിശോധനയ്ക്ക് പലതവണ വാട്ടർ അതോറിട്ടിയോട് ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. എന്നാൽ വാട്ടർ അതോറിട്ടിയുടെ ഭാഗത്ത് നിന്ന് ക്രിയാത്മക നടപടികൾ ഉണ്ടായതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ വിഷയം ബഹു. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ പരിഹാരമാർഗ്ഗം തേടേണ്ടതാണ്.

## 1-16 ഖരമാലിന്യ സംസ്കരണം- സംബന്ധിച്ച്

ഖരമാലിന്യ സംസ്കരണം-നല്ലരീതിയിൽ നടപ്പിലാക്കുന്നതിന് ഉചിതമായ തീരുമാനങ്ങൾ യഥാസമയം കൈക്കൊള്ളുന്നതായി കാണുന്നു.

1. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ഡോർ ടു ഡോർ കവറേജ് വികസിപ്പിക്കുന്നതിനും MCF കളിലേക്ക് വരുന്ന അജൈവ മാലിന്യത്തിന്റേയും RRF കളിൽ നിന്നും പുറത്തേക്ക് പോകുന്ന അജൈവ മാലിന്യത്തിന്റേയും അളവ് തിട്ടപ്പെടുത്തുന്നതിന് വേയിംഗ് മെഷീൻ ഏർപ്പെടുത്തുന്നതിനും 27.8.21ൽ കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ രജിസ്റ്റർ ദിനംപ്രതി പരിശോധിച്ച് ആധികാരികമാക്കുന്നതിനും വി.ഇ.ഓയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാശ്യപ്പെട്ടെങ്കിലും (എൻക്വയറി 11/9.12.22) ആയത് ലഭ്യമാക്കിയില്ല. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മാലിന്യത്തിന്റെ അളവ് കണക്കാക്കുന്നതിന് വെയിംഗ് മെഷീൻ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ ദിനംപ്രതി പരിശോധിച്ച് ആധികാരികമാക്കുന്നുണ്ടെന്നും വേസ്റ്റ് മാനേജ്മെന്റ് റിവ്യൂ മീറ്റിംഗ് നടത്താറുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി ഹരിതകർമ്മസേനാംഗം നേരിൽ നൽകിയ മറുപടിയുമായി പൊരുത്തപ്പെടുന്നില്ല. നിലവിൽ ക്ലീൻ കേരള കമ്പനി കൊണ്ടുവരുന്ന വെയിംഗ് മെഷീനുപയോഗിച്ചാണ് മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തി നൽകുന്നതെന്നുമാണ് ഹരിതകർമ്മ സേന അറിയിച്ചിട്ടുള്ളത്. മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് വെയിംഗ് മെഷീൻ ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ലെങ്കിൽ ആയത് സാധ്യമാക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ മാലിന്യ നീക്കത്തിന്റെ പുരോഗതി വിലയിരുത്തുന്നതിന് എല്ലാ തിങ്കളാഴ്ചയും 11മണിക്ക് വേസ്റ്റ് മാനേജ്മെന്റ് റിവ്യൂ മീറ്റിംഗ് വിളിച്ചുചേർക്കുന്നതിനും എല്ലാ മാസവും കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വേസ്റ്റ് മാനേജ്മെന്റ് റിവ്യൂ മീറ്റിംഗ് മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഹരിതകർമ്മസേന ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് ഏകദേശം മൂവായിരത്തോളം വീടുകൾ മാത്രമാണ് മാലിന്യ നീക്കവുമായി സഹകരിക്കുന്നുള്ളൂ. ഗ്രാമ പഞ്ചായത്തിൽ ഒമ്പതിനായിരത്തിനുമേൽ വാസഗൃഹങ്ങൾ മാത്രമുണ്ട്. കൂടാതെ മറ്റ് കച്ചവടസ്ഥാപനങ്ങളും നിലവിലുണ്ട്. മാലിന്യ നീക്കവുമായി സഹകരിക്കാത്ത വാസഗൃഹങ്ങളെയും മറ്റ് സ്ഥാപനങ്ങളെയും കൂടി ഈ ഉദ്യമത്തിന്റെ ഭാഗമാക്കുന്നതിന് ഊർജ്ജിതമായ ശ്രമങ്ങളുണ്ടാകേണ്ടതാണ്.

## 1-17 സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ്

പ്രോജക്ട് നമ്പർ 137/22

സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ്

ഈ പദ്ധതി പ്രകാരം സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് ശ്രീ. ബിസ്മി കുഞ്ഞുമോൻ എന്നയാൾ സമർപ്പിച്ച കൊട്ടേഷൻ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ റിപ്പയർ ചെയ്തതായും മാറ്റി സ്ഥാപിച്ചിട്ടുള്ളതായും കാണിച്ച് നൽകിയിട്ടുള്ള അപേക്ഷയിലെ വിവരങ്ങളും അതത് വാർഡ് മെമ്പർമാർ/കെ.എസ്.ഇ.ബി അസി.എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള കണക്കുകളും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കരാറുകാരന്റെ അപേക്ഷ പ്രകാരം ചെയ്ത പ്രവൃത്തികൾ | | | | മെമ്പര്/കെ. എസ്.ഇ. ബി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ കണക്ക് | | | | തുക നൽകുന്നതിന് പരിഗണിച്ച കണക്കുകൾ | | | | പരിഗണിക്കാവുന്ന കണക്കുകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | New LED | Rep Air | Repl Acing | With ABC Cont Roller | New LED | Repair | Repl Acing | With ABC Cont Roller | New LED | Repair | Repl Acing | With ABC Con Troller | New LED | Repair | Repl Acing | With ABC Cont Roller |
| 1 | 44 | 10 | - | 24 | 20 | 10 | - | 24 | 20 | 10 | - | 24 | 20 | 10 | - | 24 |
| 2 | 44 | 15 | - | - | 44 | 15 | - | - | 44 | 15 | - | - | 44 | 15 | - | - |
| 3 | 44 | 15 | - | - | 44 | 15 | - | - | 44 | 15 | - | - | 44 | 15 | - | - |
| 4 | 44 | 15 | - | - | 44 | 15 | - | - | 44 | 15 | - | - | 44 | 15 | - | - |
| 5 | 57 | - | - | - | 57 | - | - | - | 57 | - | - | - | 57 | - | - | - |
| 6 | 40 | 15 | - | 4 | 44 | 15 | - | - | 40 | 15 | 0 | 4 | 40 | 15 | 0 | |
| 7 | 44 | 20 | - | - | 44 | 20 | - | - | 44 | 20 | - | - | 44 | 20 | - | - |
| 8 | 47 | 20 | - | - | 46 | 20 | - | - | 47 | 20 | - | - | 46 | 20 | - | - |
| 9 | 44 | - | - | - | 44 | - | - | - | 44 | - | - | - | 44 | - | - | - |
| 10 | 44 | 18 | - | - | 44 | - | 18 | - | 44 | 18 | - | - | 44 | 18 | - | - |
| 11 | 44 | 26 | - | - | 44 | 26 | -- | | 44 | 20 | - | - | 44 | 20 | - | - |
| 12 | 44 | - | - | - | 43 | - | - | - | 44 | - | - | - | 43 | - | - | - |
| 13 | 44 | 21 | - | - | 44 | 21 | - | - | 44 | 21 | - | - | 44 | 21 | - | - |
| 14 | 31 | 7 | - | 13 | 31 | 7 | - | 13 | 31 | 7 | - | 13 | 31 | 7 | - | 13 |
| 15 | 40 | 18 | - | 4 | 40 | 18 | - | 4 | 44 | 18 | - | - | 40 | 18 | - | 4 |
| 16 | 44 | - | - | 4 | 40 | - | - | 4 | 40 | - | - | 4 | 40 | - | - | 4 |
| 17 | 44 | - | - | - | 44 | - | - | - | 44 | - | - | - | 44 | - | - | - |
| ആകെ | 703 | 200 | 0 | 49 | 717 | 182 | 18 | 45 | 719 | 201 | 0 | 45 | 713 | 194 | 00 | 45 |

ഫയൽ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായി താഴെ ചേർത്തിട്ടുള്ള വിധം തുക നൽകിയിട്ടുള്ളതായി കാണുന്നു.

തുക നൽകിയത്

| New LED | Repair | Replacing | With ABC Controller | ആകെ |
|---|---|---|---|---|
| 719@ 120 | 201@130 | 00 | 45@170 | |
| 86280 | 26130 | 00 | 7650 | 120060 |

തുക നൽകാവുന്നത്

| New LED | Repair | Replacing | With ABC Controller | ആകെ |
|---|---|---|---|---|
| 713@ 120 | 194@130 | 00 | 45@170 | |
| 85560 | 25220 | 00 | 7650 | 118430 |

ആകെ അധികം നൽകിയത്- 1630/- രൂപ. അധികം നൽകിയത്- 1630/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (12/12.12.22) ലഭ്യമാക്കിയ മറുപടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

ചെക്ക് നമ്പർ- 5499387/16.9.21 -100000

ബിൽ നമ്പർ- 26/5.11.21 – 78260

ബിൽ നമ്പർ- 5/11.12.21 – 57220
ബിൽ നമ്പർ- 19/31.1.22 – 29192
ബിൽ നമ്പർ- 36/26.3.22 – 42000

## 1-18 സുഭിക്ഷ കേരളം പശു വിതരണം (വനിത) - സർക്കാർ മാനദണ്ഡം പാലിക്കാതെ തുക നല്കി

വെറ്ററിനറി സർജ്ജൻ നിർവഹണം നടത്തിയ സുഭിക്ഷ കേരളം പശു വിതരണം (വനിത) എന്ന പ്രോജക്റ്റിന്റെ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം-S0178/22

അടങ്കൽ തുക

വികസന ഫണ്ട് (ജനറൽ)-15,00,000
മറ്റുള്ളവ -15,00,000
ആകെ -30,00,000

ചെലവ് തുക

വികസന ഫണ്ട് (ജനറൽ)-15,00,000
മറ്റുള്ളവ -15,00,000
ആകെ -30,00,000

ബിൽ നം., തീയതി, തുക

19/2021-22/14.03.2022- 10,20,000
21/2021-22/17.03.2022- 60,000
25/2021-22/27.03.2022- 3,90,000
27/2021-22/28.03.2022- 30,000

മേൽ പ്രോജക്റ്റ് പരിശോധനയിൽ കണ്ട അപാകത താഴെ കൊടുക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 22/2018/ത.സ്വ.ഭ.വ തീയതി.14.02.2018 പ്രകാരം ജനറൽ, പട്ടികജാതി വിഭാഗ കുടുംബ വാർഷിക വരുമാനപരിധി 5,00,000/-രൂപയായിരിക്കും എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ടി പ്രോജക്റ്റിന്റെ ഗുണഭോക്താവായ ശ്രീമതി. പി. ശ്രീകുമാരി, മാരിയത്ത്, കാക്കാഴം പി ഒ എന്നയാളിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻ കാർഡിൽ പ്രതിമാസ വരുമാനം 47,000/- രൂപ (വാർഷിക വരുമാനം- 5,64,000/- രൂപ) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, മറ്റൊരു ഗുണഭോക്താവായ ശ്രീമതി. ഉമ്മുകുൽസു, സുധീർ നിവാസ് എന്നയാളുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട സുധീർ എന്നയാളുടെ പേരിൽ ബാധകമായ വിവരങ്ങളിൽ സംസ്ഥാന സർക്കാർ ജീവനം എന്നും മാസ വരുമാനം 4000/- രൂപ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ, ടി ഗുണഭോക്താവിന്റെ 2021-22 വർഷത്തെ വരുമാനം തെളിയിക്കുന്ന രേഖ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, എല്ലാ ഗുണഭോക്താക്കളുടേയും അപേക്ഷ പരിശോധിച്ചതിൽ, ഫയലിൽ 200/-രൂപ വിലയുള്ള മുദ്രപ്പത്രം മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിൽ ആവശ്യമായ വിവരങ്ങൾ (ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്നുള്ള) ഉൾപ്പെടുത്തി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/12.12.2022) മറുപടി ലഭ്യമാക്കിയില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നല്കിയത് ക്രമ വിരുദ്ധമാണ്. ആയതിനാൽ, ശ്രീമതി. പി. ശ്രീകുമാരി, മാരിയത്ത്, കാക്കാഴം.പി.ഒ എന്ന വ്യക്തിക്ക് ആനുകൂല്യം നല്കിയ തുക (30,000/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു. ശ്രീമതി. ഉമ്മുകുൽസു, സുധീർ നിവാസ് എന്നയാളുടെ 2021-22 വർഷത്തെ വരുമാന വിവരം ലഭ്യമല്ല. ആയതിനാൽ, ടിയാൾക്ക് നല്കിയ തുക (30,000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 കുരുമുളക് കൃഷി വ്യാപനം -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർ ആനുകൂല്യം കൈപ്പറ്റി

2021-22 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 250000/-രൂപ വകയിരുത്തി കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്റ്റ് ആണ് കുരുമുളക് കൃഷി വ്യാപനം(പ്രോജക്റ്റ് നം S 0042/22).

ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

ബിൽ നം.9/21-22/14.3.22 തുക.250000/-

KAICO,ആലപ്പുഴയുടെ 10.3.22 തീയതിയിലെ AMB/273/21-22നം.ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Rate | Qty | Amount |
|---|---|---|---|

| | | | |
|---|---|---|---|
| Bush Pepper | 100 | 2500 | 250000 |

18 വാർഡുകളിൽ നിന്നായി 928 പേർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ആദ്യ ഗുണഭോക്തൃലിസ്റ്റ് 23.7.21 ലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ 532 ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ, 7.6.22ൽ 2(1) നം. തീരുമാനപ്രകാരം 396 ഗുണഭോക്താക്കളെയും 7.12.22 ൽ 1(5) നം.തീരുമാനപ്രകാരം 41 ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി. ഒട്ടാകെ 969 പേരുള്ള ഗുണഭോക്തൃലിസ്റ്റിൽ നിന്നും 625 ഗുണഭോക്താക്കൾക്ക് 4 വീതം തൈകൾ വിതരണം ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1)താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | പേര്, മേൽവിലാസം | വാർഡ് |
|---|---|---|
| 1 | ബേബി,എസ്.ബി.ഭവനം,കഞ്ഞിപ്പാടം | 6 |
| 2 | ബിന്ദു.പി,ഇരുപത്തിയെട്ടിൽച്ചിറ,കക്കാഴം | 9 |
| 3 | ഗ്രേസി ജോസഫ്,നെടുംതറ,കഞ്ഞിപ്പാടം | 9 |
| 4 | പുഷ്പകുമാരി സദാശിവൻ,വലിയപറമ്പ്,നീർക്കുന്നം | 7 |
| 5 | പ്രസീദ,തെക്കേകറുകപ്പറമ്പ് | 10 |
| 6 | അനിഷ,കണ്ടത്തിൽപറമ്പ്,വണ്ടാനം | 4 |
| 7 | വിദ്യാമോൾ,ദക്ഷിണാലയം,വണ്ടാനം | 5 |
| 8 | സ്നേഹ സെബാസ്റ്റ്യൻ,മെതികളം,കഞ്ഞിപ്പാടം | 9 |
| 9 | ദയാമേരി,പൊറ്റക്കാട് | 9 |
| 10 | ഷൈലജ,കരിക്കാപറമ്പ് | 4 |
| 11 | ലക്ഷ്മിദേവി,പുളിപ്പറമ്പ് | 1 |
| 12 | ലളിത,വെളിയന്തേഴം | 3 |
| 13 | കുഞ്ഞുമോൾ,പുന്നമൂട്ടിൽ | 16 |
| 14 | ഫാരിസ,കാട്ടുപുറംവെളി | 18 |
| 15 | കുഞ്ഞുമോൾ.കെ,പനയ്ക്കത്തറ | 4 |
| 16 | ഷംസുനീസ,പ്ളാമൂട്ടിൽ,കക്കാഴം | 12 |
| 17 | സിനി ബോസൻ,അപ്പയ്ക്കൽ | 15 |

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 969 പേർ ഉണ്ടായിരിക്കെ, ലിസ്റ്റിൽ ഉൾപ്പെടാത്ത 17 പേർക്ക് തൈ ഒന്നിന് 100 രൂപ വീതം, (16പേർക്ക് X4 =68എണ്ണം) (1ആൾക്ക്X8=8എണ്ണം) ആകെ 76 എണ്ണത്തിന് 7600രൂപ അധികം ചെലവഴിച്ചു.

2) വിതരണ രജിസ്റ്റർ ക്രമ നം.25, 74 പ്രകാരം ബേബി, കണ്ണങ്ങാട്ട് വീട്, കഞ്ഞിപ്പാടം എന്ന ഗുണഭോക്താവും ക്രമ നം.492,575 പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഷംസുനീസ, പ്ളാമൂട്ടിൽ, കക്കാഴം എന്ന ഗുണഭോക്താവും 2 തവണയായി 8 തൈകൾ വീതം കൈപ്പറ്റി.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/12.12.22), ലിസ്റ്റിൽ പേരുള്ള കർഷകർക്ക് കുരുമുളക് തൈ വേണ്ട എന്ന് പറഞ്ഞതിനാലും, പ്രോജക്ട് സമയബന്ധിതമായി തീർക്കേണ്ട സാഹചര്യത്തിലുമാണ് മേൽ പട്ടികയിലെ 17 പേർക്ക് നൽകിയതെന്നും, ഒരേ ഗുണഭോക്താവ് തന്നെ 2 തവണ അപേക്ഷ നൽകി ആനുകൂല്യം കൈപ്പറ്റിയത് ഓഫീസിലെ തിരക്കു കാരണം ശ്രദ്ധയിൽപ്പെടാതെ പോയതാണെന്നും, മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കി. മറുപടിയിൽ അറിയിച്ചിട്ടുള്ളത് പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തന്നെ ആനുകൂല്യം നൽകാനും തെറ്റുകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പത്ര പരസ്യം ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ 1/22

പദ്ധതി രൂപീകരണ നിർവ്വഹണ ചെലവുകൾ

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി രൂപീകരണ നിർവ്വഹണ ചെലവുകൾ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പത്രപരസ്യം നൽകിയതിന് 18.9.2021ൽ മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലഭ്യമാക്കിയ ബിൽ നമ്പർ 321000047994 പ്രകാരം 40$cm^2$ പത്രപരസ്യം ചെയ്തതിന് 275/$cm^2$ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ 11550/-രൂപ ആവശ്യപ്പെടുകയും അത് ബിൽ നമ്പർ 20/7.10.21പ്രകാരം നൽകിയിട്ടുമുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് അർഹമായ 15% ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയതായി കാണുന്നില്ല. കൂടാതെ താഴെ പറയുന്ന

ബില്ലുകളിലും ട്രേഡ് ഡിസ്കൗണ്ട് ലഭ്യമായതായി കാണുന്നില്ല.

| ക്രമ നമ്പർ | മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലഭ്യമാക്കിയ ബിൽ നമ്പർ | ട്രഷറി ബിൽ നമ്പർ | തുക (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | 321000047994/ 18.9.2021 | 20/7.10.21 | 11550 |
| 2 | 321000091357/ 13.2.2021 | 29/12.11.21 | 8518 |
| 3 | 321000052364/ 30.9.2021 | 27/11.11.21 | 9818 |

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് അർഹമായ 15% ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (26/12.12.22) മറുപടി ലഭ്യമാക്കിയില്ല.

## 1-21 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ 99/22

അടങ്കൽ- 1800000

വികസന ഫണ്ട് ജനറൽ -1300000, തനത് ഫണ്ട്- 500000

ചെലവ് 1750499/-

സെക്രട്ടറി നടപ്പിലാക്കിയ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കുന്നതിനായി താഴെ പറയുന്ന വിധം തുക കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/12.12.22) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1750499/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | വാർഡ് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 18/6.10.21 | 233712 | 5,18 | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. |
| 2 | 19/7.10.21 | 75100 | 1 | |
| 3 | 23/26.10.21 | 308281 | 12 | |
| 4 | 10/4.1.22 | 366897 | 11 | |
| 5 | 11/12.1.22 | 212199 | 1,2 | |
| 6 | 25/5.3.22 | 30960 | 18 | |
| 7 | 26/10.3.22 | 72851 | 6 | |
| 8 | Che. 494521/15.3.22 | 27136 | 6 | |
| 9 | 655956/25.3.22 | 423363 | 14 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ

പ്രോജക്ട് നമ്പർ- 96/22

അടങ്കൽ- 500000/- തനത് ഫണ്ട്.

സെക്രട്ടറി നടപ്പിലാക്കിയ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി 3.5.21ലെ 1(2) നമ്പർ തീരുമാന പ്രകാരം മെഡിക്കൽ കോളേജിലേക്ക് കോവിഡ് വാക്സിനേഷനെത്തുന്ന പൊതുജനങ്ങൾക്ക് സുഗമമായി വാക്സിനേഷൻ നൽകുന്നതിന് പ്രയോജനകരമായ രീതിയിൽ വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിനാവശ്യമായ കസേര, പന്തൽ തുടങ്ങിയവ ഒരുക്കി നൽകണമെന്ന് മെഡി. കോളേജ് ആശുപത്രി സൂപ്രണ്ട് ആവശ്യപ്പെട്ടതനുസരിച്ച് ടി. സ്ഥാപനം പഞ്ചായത്തിന് കൈമാറിക്കിട്ടിയതല്ലെങ്കിലും സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുവാൻ സെക്രട്ടറി ശുപാർശചെയ്യെങ്കിലും ആയത് ദുഷ്കരമാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടതിനാൽ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങി നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതനുസരിച്ച് താഴെ പറയുന്ന പുനരുപയോഗിക്കാവുന്ന സാധനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാങ്ങി നൽകിയ സാധനങ്ങൾ | എണ്ണം/ തുക | ചെക്ക് നമ്പർ തിയതി |
|---|---|---|---|
| 1 | കസേര (ആംലെസ്സ്) | 75 @210/- = 15750 | 549955/19.5.21 |

| | | | |
|---|---|---|---|
| 2 | തറപ്പാള | 2 @2800/- = 5600 | 109765/12.5.21 |

മേൽ സൂചിത സാധനങ്ങൾ ഉപയോഗശേഷം തിരികെ ഏൽപ്പിച്ചിട്ടുണ്ടോയെന്നത് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (29/13.12.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള തറപ്പാള തിരികെ ലഭിച്ചിട്ടുണ്ടെന്നും കസേരകൾ നിലവിൽ മെഡിക്കൽ കോളേജിൽ വാക്സിനേഷൻ കേന്ദ്രത്തിലുപയോഗിച്ചുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചു. മേൽ സൂചിത സാധനങ്ങൾ ഉപയോഗശേഷം തിരികെ ലഭ്യമാക്കി പഞ്ചായത്തിന്റെ ആസ്തിയിൽ കൂട്ടിച്ചേർക്കേണ്ടതാണ്.

## 1-23 ഹോമിയോ ആശുപത്രി-മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നമ്പർ 72/22

അടങ്കൽ- 350000- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

ചെലവ്- 350000/ ബിൽ നമ്പർ- 3/21-22/17.11.21

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം മേൽ പരാമർശിത ബിൽ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ മാനേജിംഗ് ഡയറക്ടറുടെ പേരിൽ 350000/- രൂപ നൽകിയെങ്കിലും 150740/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമായതായി ഫയലിൽ രേഖപ്പെടുത്തലുകളുള്ളൂ. 199260/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (9/9.12.22) മറുപടി ലഭ്യമാക്കിയില്ല. ഇനിയും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുന്നതുവരെ 199260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 മത്സ്യത്തൊഴിലാളി വിദ്യർത്ഥികൾക്ക് ലാപ്പ്ടോപ്പ് -അർഹതാ രേഖ ലഭ്യമല്ല

പ്രോജക്ട് നം.- 14/22 മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

അടങ്കൽ- 429633/-വികസന ഫണ്ട്

ചെലവ്- 419900/-

BRN No-21060352014701486646,419900/-

ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 10 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്. ടി വിദ്യാർത്ഥികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ ജില്ലാ പഞ്ചായത്തിൽ നിന്നോ ഫിഷറീസ് വകുപ്പിൽ നിന്നോ ആനുകൂല്യം നല്കിയിട്ടില്ലായെന്ന് തെളിയിക്കുന്നതിനുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ തീയതി, 14.02.2018 സബ്സിഡി മാർഗരേഖ ഖണ്ഡിക 6.3 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് നല്കുമ്പോൾ ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രം നല്കാവൂ എന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത ഖണ്ഡികകളുടെ ചുവടെ ചേർത്തിട്ടുള്ള കുറിപ്പിൽ ഈയിനത്തിന് ഒരാൾക്ക് ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പുകളിൽ നിന്നോ ധനസഹായത്തിന് അർഹതയില്ലായെന്ന് പറഞ്ഞിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് |
|---|---|---|
| 1 | കൃപ ജെ D/o ഷിബിമോൻ | M.B.B.S |
| 2 | അശ്വനി എസ്സ് D/o സൈജു എസ്സ് | B.Sc Radiology |
| 3 | യദുകൃഷ്ണൻ<br>S/o Gopakumar R | B Tech |
| 4 | അമൽജിത്ത്<br>S/o പ്രദീപ് | B Tech |
| 5 | അഞ്ജലി എസ്സ്<br>D/o സുധീന്ദ്രൻ | B A Ecnomics |
| 6 | ഷിഫാന എസ്<br>D/oസുബൈർ കെ | B Com |
| 7 | സൈനോര<br>D/o വർഗ്ഗീസ് | B A Ecnomics |
| 8 | ഗണേഷ് സന്തോഷ്<br>S/o സന്തോഷ് കെ | Polytechnic |

| | | |
|---|---|---|
| 9 | അമിത അശോക്<br>D/o അശോക് സി | BDS |
| 10 | ദർശന സെബാസ്റ്റ്യൻ<br>D/o ജോൺസൺ വർഗ്ഗീസ് | B Sc Nursing |

ടി വിദ്യാർത്ഥികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ ജില്ലാ പഞ്ചായത്തിൽ നിന്നോ ഫിഷറീസ് വകുപ്പിൽ നിന്നോ ആനുകൂല്യം നല്കിയിട്ടില്ലായെന്ന് തെളിയിക്കുന്നതിനുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ടിയാളുകൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടില്ലായെന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. തീയതി,13.12.2022) മറുപടി ലഭ്യമാക്കിയില്ല. മറുപടിയുടെ അഭാവത്തിൽ മേൽ ചെലവ് തുക 419900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - അപാകതകൾ

2021-22 സാമ്പത്തികവർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ രേഖ പല പ്രവൃത്തികളുടെ ഫയലിലും ഇല്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ളവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോയെന്നും, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോയെന്നും ഉള്ള വിവരങ്ങൾ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി സെലക്ഷൻ നോട്ടീസിലോ, വർക്ക് ഓർഡറിലോ, കരാറുകാരനുമായി ചമയ്ക്കുന്ന കരാറിലോ രേഖപ്പെടുത്തുന്നില്ല.

2)1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമം പാലിച്ചിട്ടില്ല.

3)ടെൻഡർ രജിസ്റ്ററിൽ പല പ്രവൃത്തികളിലും താഴെ ചേർക്കുന്നവ രേഖപ്പെടുത്തുന്നില്ല.

A)Amount Of Earnest Money Deposited

B)No & Date Of Receipt Used

